**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2076** **09-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം ഏതെല്ലാം ഡിപ്പോകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പ്രാരംഭഘട്ടം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 2022 ഒക്ടോബർ 1 മുതൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയും 20.10.2022 മുതൽ പൂർണ്ണ തോതിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. |
| (ബി) | എല്ലാ ഡിപ്പോകളിലും ഇത് നടപ്പിലാകുന്നതോടെ ഗ്രാമീണ മേഖലയിലുൾപ്പെടെയുള്ളവരുടെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കാനാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിക്കുന്നതിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരംഭിച്ചിട്ടുള്ള ഗ്രാമവണ്ടി പദ്ധതിയിലൂടെയും മറ്റ് വിവിധ നടപടികളിലൂടെയും ക്രമേണ ഗ്രാമീണ മേഖലയിലെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കുന്നതിന് കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |
| (സി) | ഡിപ്പോകളിലെ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വിശദമാക്കാമോ? | (സി) | മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിക്കുന്ന നടപടികൾ 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പൂർത്തീകരിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ